Catholic Focus

## വി. യോഹന്നാന്റെ സുവിശേഷം
## അധ്യായം 12.

1. യേശു പെസഹായ്ക്ക് എത്ര ദിവസം മുമ്പാണ് ബഥനിയായിലേക്ക് വന്നത്?
2. മറിയം യേശുവിന്റെ പാദങ്ങളിൽ ഏത് സുഗന്ധതൈലമാണ് പൂശിയത്?
3. ആരാണ് തൈലം 300 ദിനാറയക്ക് വിറ്റ് ദരിദ്രർക്ക് കൊടുത്തില്ല എന്ന് ചോദിച്ചത്?
4. ലാസറിനെ കൂടി കൊല്ലാൻ പുരോഹിത പ്രമുഖർ ആലോചിച്ചത് എന്തുകൊണ്ട്?
5. യേശു ജറുസലേമിലേക്ക് വരുന്നത് കേട്ട് ജനക്കൂട്ടം എന്ത് കൈകളിൽ എടുത്താണ് യേശുവിനെ എതിരെക്കാൻ പുറപ്പെട്ടത്? എന്താണ് അവർ പറഞ്ഞത്?
6. യേശു രാജകീയ പ്രവേശത്തിന് കഴുതകുട്ടിയുടെ പുറത്ത് കേറി ഇരുന്നത് എന്തുകൊണ്ട്?
7. ഗ്രീക്കുകാർ ആരോടാണ് യേശുവിനെ കാണണം എന്ന് പറഞ്ഞത്?
8. പിതാവേ അങ്ങയുടെ നാമത്തെ മഹത്വപ്പെടുത്തണമേ എന്ന് യേശു പറഞ്ഞപ്പോൾ സ്വർഗ്ഗത്തിൽനിന്നു കേട്ട സ്വരം എന്ത്?
9. സ്വർഗ്ഗത്തിൽ നിന്നും സ്വരം കേട്ടപ്പോൾ ജനങ്ങൾ എന്താണ് പറഞ്ഞത്?
10. യേശു എന്താണ് ഗോതമ്പുമണിയെപ്പറ്റി പറഞ്ഞത്?
11. യേശു ഏതു വിധത്തിലുള്ള മരണമാണ് വരിക്കുന്നത് എന്ന് സൂചിപ്പിക്കുന്നതിനുവേണ്ടി പറഞ്ഞ വാക്യം ഏത്?
12. യേശു വളരെയധികം അടയാളങ്ങൾ അവരുടെ മുമ്പേ പ്രവർത്തിച്ചെങ്കിലും ജനങ്ങൾ യേശുവിനെ വിശ്വസിക്കാതെ ഇരുന്നത് എന്തുകൊണ്ട്?

## Answers

For Catholic News : www.catholicfocus.in

1. ആറ് ദിവസം
2. ശുദ്ധനാർദിൻ തൈലം.
3. യൂദാസ് സ്കറിയോത്ത
4. ലാസർ നിമിത്തം യഹൂദരിൽ വളരെപ്പേർ യേശുവിൽ വിശ്വസിച്ചതുകൊണ്ട്.
5. ഈന്തപ്പനയുടെ കൈകൾ, ഹോസാന കർത്താവിന്റെ നാമത്തിൽ വരുന്നവനും ഇസ്രായേലിന്റെ രാജാവുമായവൻ വാഴ്ത്തപ്പെട്ടവൻ.
6. സീയോൻ പുത്രി ഭയപ്പെടേണ്ട, ഇതാ നിന്റെ രാജാവ് കഴുതക്കുട്ടിയുടെ പുറത്ത് എഴുന്നുള്ളിയിരിക്കുന്നു എന്ന തിരുവെഴുത്ത് നിറവേറ്റുന്നതിനുവേണ്ടി.
7. പീലിപ്പോസ്.
8. ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്വപ്പെടുത്തും.
9. ഇടിമുഴക്കം ഉണ്ടായി, ദൂതൻ യേശുവിനോട് സംസാരിച്ചു.
10. ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടി ഇരിക്കും അഴിയുമെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും.
11. ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും.
12. ഏശയ്യ പ്രവാചകന്റെ വചനം പൂർത്തിയാകേണ്ടതിന്.

@KMC2020

/catholicfocus | /catholicfocus | /catholicfocus | /catholic_focus